മുദ്രകൾ

## ഇസ്‌ലാമിസ്റ്റുകളെ നേരിടാൻ സൈറ്റ്

Haganah എന്നാൽ ഹീബ്രു ഭാഷയിൽ 'പ്രതിരോധം' എന്നാണർഥം. ഇസ്രയേലിന്റെ രൂപീകരണകാലത്ത് ഈ പേരിലൊരു ഭീകരസംഘം പ്രവർത്തിച്ചിരുന്നു. ഇന്ന് 'ഹാഗാന' ഇന്റർനെറ്റ് ഭീകരതയുടെ പ്രതീകമാണ്. അമേരിക്കയിൽ താമസിക്കുന്ന ആൻഡ്രൂ ആരൻ വെസ്ബേഡ് എന്ന ജൂതനാണ് ഈ സൈറ്റ് സ്ഥാപിച്ചത്. അമേരിക്കയെയും ഇസ്രയേലിനെയും വിമർശിക്കുന്ന സൈറ്റുകൾ തെരഞ്ഞുപിടിച്ച് തകർക്കുകയാണ് ഹാഗാനയുടെ സ്ഥാപിത ലക്ഷ്യം. അങ്ങനെ ഫലസ്തീൻ, ഇറാഖ് വാർത്തകൾ റിപ്പോർട്ട് ചെയ്യുന്ന ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടേതും അല്ലാത്തതുമായ നിരവധി സാധാരണ സൈറ്റുകൾ ഹാഗാനയുടെ കരിമ്പട്ടികയിൽപെട്ടു. അമേരിക്കൻ ഉൽപന്നങ്ങൾ ബഹിഷ്കരിക്കണമെന്ന പണ്ഡിതാഹ്വാനങ്ങളും ഫത്‌വകളും വന്ന സൈറ്റുകളുടെ നിലനിൽപു വരെ ഭീഷണിയിലായി.

ഐ.ടി വിദഗ്ധനായ ഉമർ അബ്ദുൽ അസീസ് മശൂഹ് (omar@arabic-tech.com) ഒരു സംഭവം വിവരിക്കുന്നു. സാദാ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു സൈറ്റിന്റെ ഉടമ ഒരിക്കൽ അദ്ദേഹത്തെ വിളിച്ചു. സൈറ്റിന് സൗകര്യമൊരുക്കിത്തന്ന വെബ്ഹോസ്റ്റ് കമ്പനി തന്റെ സൈറ്റ് പൂട്ടാൻ ആവശ്യപ്പെട്ടിരിക്കുന്നു. കാരണം അന്വേഷിച്ചപ്പോൾ 'നിങ്ങളുടെ സൈറ്റ് ഭീകരതയെ സഹായിക്കുന്നു' എന്ന് ഹാഗാന പരാതിപ്പെട്ടതായി അറിയിച്ചു. അമേരിക്കൻ ഉൽപന്നങ്ങൾ ബഹിഷ്കരിക്കുന്നതിനെക്കുറിച്ച് വാർത്തകളും ചിത്രങ്ങളും കൊടുത്തതാണ് താങ്കൾ പ്രോത്സാഹിപ്പിക്കുന്ന ഭീകരത എന്ന് അവർ വിശദീകരിക്കുകയും ചെയ്തു.

വെബ്ഹോസ്റ്റ് സേവനങ്ങൾ ചെയ്യുന്ന കമ്പനികൾക്ക് 'ഭീകര സൈറ്റുകളുടെ' പട്ടിക ഹാഗാന നേരിട്ട് അയച്ചുകൊടുക്കുകയാണ് ചെയ്യുക. അമേരിക്കൻ പോലീസായ എഫ്.ബി.ഐയുടെ അറിവോടെയും സമ്മതത്തോടെയുമാണ് ഇതയക്കുന്നതെന്ന് പ്രത്യേകം എഴുതിയിരിക്കും. ഇതൊരുതരം ഭീഷണിയാണ്. എഫ്.ബി.ഐ മുദ്ര കാണുന്നതോടെ കമ്പനികൾക്ക് വെപ്രാളമായി. അന്വേഷിക്കാനൊന്നും നിൽക്കാതെ അവർ കരിമ്പട്ടികയിൽ ചേർക്കപ്പെട്ട വ്യക്തികൾക്കും സംഘടനകൾക്കും വെബ് സേവനങ്ങൾ നിർത്തലാക്കും.

ലോകത്ത് നിരവധി ജൂത-ക്രിസ്തീയ ഭീകര സംഘടനകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഹാഗാനക്ക് അതൊന്നും വിഷയമേ അല്ല. ഇത് ഇസ്‌ലാമിസ്റ്റുകളെ നേരിടാനുള്ളതാണെന്ന് തുടക്കത്തിൽ പറയുന്നുമുണ്ട്. ■

## 'വെറും അഞ്ച് മിനിറ്റ്'

1980-ലാണ് സംഭവം. ദമസ്കസ് യൂനിവേഴ്സിറ്റിയിൽ പഠിക്കുന്ന ഹിബ ദബ്ബാഗ് എന്ന വിദ്യാർഥിനിയുടെ ഹമാത് നഗരത്തിലുള്ള ഫ്ളാറ്റിൽ ഒരു സംഘം സിറിയൻ രഹസ്യപോലീസുകാർ ഇരച്ചുകയറി. 'നീ ഞങ്ങളുടെ കൂടെ വരണം. ഇന്റലിജൻസ് ഓഫീസ് വരെ. വെറും അഞ്ചു മിനിറ്റ്. അവർ ഹിബയോട് പറഞ്ഞു. പിന്നീട് ഹിബ തടവറയിൽനിന്ന് പുറത്തുവരുന്നത് നീണ്ട ഒമ്പതുവർഷം കഴിഞ്ഞ്! ജയിലിനു പുറത്ത് അവളെ കാത്തിരുന്നത് അതിദാരുണമായ വാർത്തകൾ. 1982-ൽ ഹമാത് നഗരത്തിൽ സിറിയൻ ഭരണകൂടം നടത്തിയ കൂട്ടക്കശാപ്പിൽ അവളുടെ മാതാവും പിതാവും എട്ട് സഹോദരീസഹോദരന്മാരും ഈ ലോകത്തോട് വിടപറഞ്ഞുകഴിഞ്ഞിരുന്നു. ദുരന്തങ്ങൾ പിന്നെയും അവളെ വിടാതെ പിന്തുടർന്നു.

ഈ പീഡനപർവങ്ങളുടെ കരളലിയിപ്പിക്കുന്ന കഥയാണ് ഹിബയുടെ 239 പേജുള്ള 'വെറും അഞ്ചു മിനിറ്റ് - സിറിയൻ ജയിലുകളിൽ ഒമ്പതു വർഷം' എന്ന കൃതി. സിറിയൻ ഏകാധിപത്യ ഭരണകൂടം നടത്തുന്ന പീഡനങ്ങളുടെയും മനുഷ്യാവകാശലംഘനങ്ങളുടെയും നേർചിത്രമാണിത്. ഇത് അറബ് വംശജയായ കനേഡിയൻ എഴുത്തുകാരി ബയാനുൽ ഖത്വീബ് Just Five Minutes - Nine Years in the Prisons of Syria എന്ന പേരിൽ ഇംഗ്ലീഷിലേക്ക് മൊഴിമാറ്റിയിരിക്കുന്നു. പുസ്തകം ലഭിക്കാൻ abusinan@yahoo.com എന്ന വിലാസത്തിൽ ബന്ധപ്പെടുക. ■

## അലൻ പപ്പെ ഇസ്രയേൽ വിടുന്നു

പ്രശസ്ത ജൂത ചരിത്രകാരൻ അലൻ പപ്പെ ഇസ്രയേൽ വിടാൻ തീരുമാനിച്ചു. അടുത്ത മാസം താൻ ബ്രിട്ടനിലേക്ക് കുടിയേറുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചിട്ടുണ്ട് (പപ്പെയുമായി *പ്രബോധനം* പ്രതിനിധി നടത്തിയ അഭിമുഖം 43-ാം ലക്കത്തിൽ). ജൂത ഭരണകൂടത്തിന്റെ വർണവെറിയൻ നയങ്ങളിൽ പ്രതിഷേധിച്ചാണ് ഈ നാടുവിടൽ: "ഒരു ചരിത്രകാരന് അല്ലെങ്കിൽ ഒരു സാംസ്കാരിക പ്രവർത്തകന് തന്റെ സമൂഹവുമായി സംവദിക്കാനുള്ള അവസരമുണ്ടാവണം. അത് ഇസ്രയേൽ സമൂഹത്തിൽ കൊട്ടിയടക്കപ്പെട്ടിരിക്കുകയാണ്. കാരണമിത് ഒറ്റപ്പെട്ടു നിൽക്കുന്ന ഒരു വർണവെറിയൻ സമൂഹമാണ്. സ്വന്തം ചരിത്രത്തെ മനസ്സിലാക്കാനോ ചെയ്തുകൂട്ടിയ കുറ്റകൃത്യങ്ങൾ സമ്മതിക്കാനോ അതിന് കഴിയാതെ വന്നിരിക്കുന്നു."

ഇസ്രയേലിലെ നവചരിത്രകാരന്മാരിൽ പ്രമുഖനായ പപ്പെ ഹൈഫ യൂനിവേഴ്സിറ്റിയിൽ ചരിത്രത്തിലും രാഷ്ട്രമീമാംസയിലും പ്രഫസറാണ്. ഇസ്രയേലിന്റെ രണ്ടാം ലബനാൻ ആക്രമണത്തിനു ശേഷം തന്നെപ്പോലുള്ളവർക്ക് ഇസ്രയേലിൽ ജീവിച്ചുപോവുക വളരെ ദുഷ്കരമാണെന്ന് അദ്ദേഹം പറഞ്ഞു. ജൂതചരിത്രസംബന്ധമായി നിരവധി നിരൂപണാത്മക പഠനങ്ങൾ അദ്ദേഹം തയാറാക്കിയിട്ടുണ്ട്. അതിൽ ഒടുവിലത്തേതാണ് 'ഫലസ്തീനിലെ വംശീയ ശുദ്ധീകരണം' എന്ന കൃതി. "വളരെ മുമ്പേ ആസൂത്രണം ചെയ്ത ഒരു വംശീയ ശുദ്ധീകരണ പദ്ധതി നടപ്പാക്കുക മാത്രമാണ് 1948-ലെ യുദ്ധത്തിലൂടെ ജൂതന്മാർ ചെയ്തത്" - ആ കൃതിയിൽ അദ്ദേഹം സമർഥിക്കുന്നു. ■

## വലതുപക്ഷ ഇവാഞ്ചലിസ്റ്റുകൾ നയം മാറ്റുമോ?

വലതുപക്ഷ ക്രിസ്ത്യൻ മതപ്രബോധകനായ ജെറി ഫാൽവെല്ലി(73)ന്റെ മരണം അദ്ദേഹം നേതൃത്വം നൽകിയിരുന്ന സംഘടനയുടെ തീവ്ര നിലപാടുകളിൽ മാറ്റമുണ്ടാക്കിയേക്കും. പതിനാറ് മില്യൻ അംഗങ്ങളും 60 മില്യൻ അനുയായികളുമുള്ള സതേൺ ബാപ്റ്റിസ്റ്റ് കൺവെൻഷൻ എന്ന സംഘടനയുടെ നേതാവായിരുന്നു ഫാൽവെൽ. അമേരിക്കയിൽ ഏറ്റവുമധികം വളർച്ചയുള്ള ക്രിസ്ത്യൻ സംഘടനയാണിത്. കഴിഞ്ഞ തവണ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ പാർട്ടിക്ക് വേണ്ടി അതിന്റെ സ്വാധീനവും ആൾബലവും നന്നായി ഉപയോഗപ്പെടുത്തുകയുണ്ടായി. ബുഷിന്റെ അഫ്ഗാൻ-ഇറാഖ് അധിനിവേശങ്ങൾ ഇവരുടെ കൂടി അജണ്ടയായിരുന്നു.

ടെലിവിഷൻ പരിപാടികളിൽ ഇസ്‌ലാമിനെ വികൃതമായാണ് ഫാൽവെൽ ചിത്രീകരിക്കുക. ഇസ്‌ലാമിനെക്കുറിച്ച പുസ്തകങ്ങൾ വായിച്ചു കഴിഞ്ഞപ്പോൾ 'മുഹമ്മദ് ഒരു ഭീകരനായിരുന്നു' എന്ന് തനിക്ക് ബോധ്യപ്പെട്ടു എന്നാണ് ഫാൽവെൽ സി.ബി.എസ് ടെലിവിഷനോട് പറഞ്ഞത്. 'ഇടുങ്ങിയ ചിന്താഗതിക്കാരായ ബൈബിൾ പ്രഭാഷകരേക്കാൾ സാധാരണക്കാരോട് സംവദിക്കുന്നവരെയാണ് ഞങ്ങൾക്ക് വേണ്ടത്' - സതേൺ ബാപ്റ്റിസ്റ്റ് കൺവെൻഷന്റെ പുതിയ അധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട ഫ്രാങ്ക് എസ്. പെയ്ജ്(54) പറഞ്ഞു. പൊതുപ്രശ്നങ്ങൾ ഉൾപ്പെടുത്തി സംഘടനയുടെ അജണ്ട വിപുലപ്പെടുത്തുമെന്നും അദ്ദേഹം സൂചിപ്പിച്ചു.

1980-കൾ മുതൽ അമേരിക്കയുടെ ആഭ്യന്തരവും വൈദേശികവുമായ നയങ്ങൾ രൂപപ്പെടുത്തുന്നതിൽ ഈ സംഘടന വലിയ പങ്ക് വഹിക്കുന്നുണ്ട്. ■

## നവയാഥാസ്ഥിതികർ കൊഴിഞ്ഞുതീരുന്നു

അമേരിക്കൻ ഭരണകൂടത്തെ കൈപ്പിടിയിലൊതുക്കിയ നവയാഥാസ്ഥിതികർ (neocons) ഓരോരുത്തരായി കൊഴിഞ്ഞു തീരുന്നു. അപമാനിതനായി പുറത്തുപോകുന്ന ഏറ്റവുമൊടുവിലത്തെ നവയാഥാസ്ഥിതികനാണ് പോൾ വുൾഫോവിറ്റ്സ്. ഇറാഖ് അധിനിവേശം ആസൂത്രണം ചെയ്ത സംഘത്തിലെ പ്രധാനി. ബുഷ്ഭരണകൂടത്തിന്റെ ആദ്യനാളുകളിൽ പെന്റഗണിലെ മൂന്നാമനായിരുന്നു ഇയാൾ. ആ ബലത്തിലാണ് ലോകബാങ്കിന്റെ പ്രസിഡന്റായതും. അധികാരം ദുരുപയോഗപ്പെടുത്തി തന്റെ കാമുകിക്ക് അവിഹിതമായി ശമ്പളക്കയറ്റം നൽകിയതാണ് വുൾഫോവിറ്റ്സിന് വിനയായത്.

'നിയോകോണുകൾ ഓരോരുത്തരായി അവരുടെ അധികാരസ്ഥാനങ്ങളിൽനിന്ന് പുറത്തെറിയപ്പെട്ടുകൊണ്ടിരിക്കുന്നു. 2008-ലെ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ബുഷിന് പിൻഗാമിയായി ഒരു സ്ഥാനാർഥിയെ കണ്ടെത്താൻ റിപ്പബ്ലിക്കൻ പാർട്ടി ഞെരുങ്ങുകയാണ്' *ദ ടൈംസ്* ദിനപത്രത്തിന്റെ (2007 മെയ് 20) അഭിപ്രായപ്രകടനം.

പ്രതിരോധ സെക്രട്ടറിയായിരുന്ന ഡൊണാൾഡ് റംസ്ഫെൽഡ് നേരത്തേ പുറത്തായി. പ്രതിരോധ അണ്ടർ സെക്രട്ടറി ഡഗ്ലസ് ഫെത്ത്, പ്രതിരോധ അസി. സെക്രട്ടറി റിച്ചാർഡ് പെർല, യു.എന്നിലെ അമേരിക്കൻ അംബാസിഡർ ജോൺ ബോൾട്ടൺ എന്നിവർക്കും നിൽക്കക്കള്ളിയില്ലാതെ സ്ഥാനമാനങ്ങൾ ഉപേക്ഷിക്കേണ്ടിവന്നു.

വൈസ് പ്രസിഡന്റ് ഡിക്ചെനിയുടെ ചീഫ് ഓഫ് സ്റ്റാഫായിരുന്ന ലൂയിസ് ലിബി ഇപ്പോൾ ജയിൽ ഭീഷണി നേരിടുകയാണ്. സദ്ദാം ഭീഷണി ബുഷ് ഊതിപ്പെരുപ്പിച്ചതാണെന്ന് ഒരു അമേരിക്കൻ നയതന്ത്രജ്ഞൻ പരസ്യമായി പറഞ്ഞതിന് പ്രതികാരമായി, അദ്ദേഹത്തിന്റെ ഭാര്യ സി.ഐ.എക്ക് ചാരപ്പണിയെടുക്കുകയാണെന്ന് വെളിപ്പെടുത്തിയതിനാണ് ലൂയിസ് നിയമനടപടികൾ നേരിടുന്നത്. 'ഇറാൻ ഡസ്കി'ലെ പ്രധാനിയായിരുന്ന ലോറൻ ആന്റണി ഫ്രാങ്ക്ളിൻ അമേരിക്കൻ നയതന്ത്രരഹസ്യങ്ങൾ ജൂതലോബിയായ 'അമേരിക്കൻ ഇസ്രയേൽ പബ്ലിക് അഫയേഴ്സ് കമ്മിറ്റി'ക്ക് ചോർത്തിക്കൊടുത്തിട്ടുണ്ടെന്ന് വ്യക്തമായി. ഇയാളും വിചാരണ നേരിടുകയാണ്. മുൻ വിദേശകാര്യ സെക്രട്ടറി കോളിൻ പവൽ, മുൻ സി.ഐ.എ ഡയറക്ടർ ജോർജ് ടെനറ്റ് എന്നിവരും ചീത്തപ്പേര് ബാക്കിവെച്ചാണ് പടിയിറങ്ങിയത്.

ഒരു നവയാഥാസ്ഥിതിക കൊമ്പൻസ്രാവ് കൂടി ഉടൻ വലയിൽ കുരുങ്ങാൻ പോകുന്നു. അറ്റോർണി ജനറൽ ആൽബർട്ടോ ഗോൺസാലസ്. ഇയാളും ബുഷിന്റെ വലംകൈ തന്നെ. ഭീകരപ്രവർത്തകരെന്ന് സംശയിക്കുന്നവരെ അന്യനാടുകളിൽ കൊണ്ടുപോയി പീഡിപ്പിച്ചുവെന്നാണ് ഇയാൾക്കെതിരെ ചാർത്തപ്പെട്ട ഒരു കുറ്റം. ഒമ്പത് അറ്റോർണിമാരെ പുറത്താക്കിയതിലും ഗോൺസാലസിന് പങ്കുണ്ടെന്ന് തെളിഞ്ഞിട്ടുണ്ട്. റിപ്പബ്ലിക്കൻ പാർട്ടിയോട് കൂറുപുലർത്തുന്നവരെ തൽസ്ഥാനത്ത് പ്രതിഷ്ഠിക്കാനായിരുന്നു ഈ വെട്ടിനിരത്തൽ.

'നിലം പൊത്തുന്നതിന്റെ ശബ്ദകോലാഹലങ്ങളേ ഇപ്പോൾ വാഷിംഗ്ടണിൽനിന്ന് കേൾക്കാനുള്ളൂ' എഴുത്തുകാരനായ ക്രിസ്റ്റഫർ ഹിച്ചൻസ് പറയുന്നു. സഹായികൾ ഓരോരുത്തരായി കൊഴിഞ്ഞുതീരുമ്പോൾ ബുഷ് ആത്മരക്ഷക്ക് ഇനിയെന്തു ചെയ്യും? ■